ക്കുകയും ചെയ്തു. ഇപ്പോൾ അതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രാരംഭ നടപടികൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ അവസരത്തിൽ നിർദ്ദിഷ്ട ഇൻവെസ്റ്റിഗേഷൻ പണികൾപോലും ഉപേക്ഷിക്കുകയാണെങ്കിൽ കാവേരി നദീതടത്തിൽനിന്നും കേരളത്തിന് ലഭിക്കേണ്ട ജലവിഹിതം ലഭ്യമാക്കുന്നതിൽ പ്രയാസം നേരിടുവാൻ സാധ്യതയുണ്ട്. ഈ സമയത്ത് കൂടുതൽ കാവേരി നദീതട പദ്ധതികളുമായി സംസ്ഥാനം മുന്നോട്ടു പോയില്ലെങ്കിൽ ലഭ്യമാകുന്നജലം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ പദ്ധതികളില്ലെന്ന കാരണത്താൽ കാവേരി ട്രിബ്യൂണലിന്റെ വിധി കേരളത്തിന് പ്രതികൂലമാകാനുള്ള സാധ്യതയുണ്ട്. ഈ പദ്ധതികൾ ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ സ്റ്റേജിൽ മാത്രമാണ്. പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായതിനുശേഷമേ ഇതുമായി മുന്നോട്ടു പോകണമോ വേണ്ടയോ എന്ന് അന്തിമ നിലപാട് എടുക്കാൻ സാധിക്കുകയുള്ളൂ. അതായത് പദ്ധതി പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ, നിവാസികളുടെ പുനരധിവാസം തുടങ്ങിയ എല്ലാ വശങ്ങളും വിലയിരുത്തിയതിനുശേഷമേ നടത്തിപ്പിനെക്കുറിച്ച് അന്തിമ തീരുമാനം എടുക്കുകയുള്ളൂ. ഈ പദ്ധതികൾ ഇപ്പോഴത്തെ നിലയിൽ ഉപേക്ഷിക്കുകയാണെങ്കിൽ വരുംകാലങ്ങളിൽ കേരളത്തിലെ വൈദ്യുതിയുടേയും ജലത്തിന്റേയും ലഭ്യതയിൽ ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇപ്പോൾ നടന്നുവരുന്ന പര്യവേഷണ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധ ജനവിഭാഗങ്ങളിൽനിന്നും പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളും മറ്റു ബഹുജനസംഘടനകളുമായി അവരുടെ പരാതികളെ സംബന്ധിച്ച് ചർച്ച നടത്തിയതിനുശേഷം മാത്രമേ തുടർന്ന് നടപടികൾ സ്വീകരിക്കുകയുള്ളൂ.

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : സർ, ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷനുശേഷം ഈ പദ്ധതികൾ ഫീസിബിളാണെന്നു കണ്ടാൽ ഗവൺമെന്റ് നടപ്പാക്കുമോ അല്ലെങ്കിൽ ജനവികാരം മാനിച്ച് അത് മാറ്റിവയ്ക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, എല്ലാ കക്ഷികളുമായി ആലോചിച്ചുമാത്രമേ അത് നടപ്പിൽ വരുത്തുകയുള്ളൂ.

## (2) സംസ്ഥാനത്ത് സമഗ്രവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെയും സംസ്ഥാന ഗവൺമെന്റിന്റെയും ശ്രദ്ധ ഞാൻ ഈ സഭയിൽ ക്ഷണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ ഏകദേശം 29-30 ശതമാനത്തോളം കൃഷിയിൽ നിന്നുമുള്ള വരുമാനമാണ്. അത് നൽകുന്ന കൃഷിക്കാർക്ക് അവർ ഉല്പാദിപ്പിക്കുന്ന കൃഷികൾക്ക് പൂർണ്ണമായ സംരക്ഷണം ലഭിക്കാത്തതുകൊണ്ട് അവർ വളരെ പ്രയാസത്തിലാണുള്ളത്. അപ്രതീക്ഷിതമായുണ്ടാകുന്ന കാലവർഷക്കെടുതികൾ - വരൾച്ചയായാലും വെള്ളപ്പൊക്കമായാലും കൊടുംകാറ്റായാലും കാർഷികവിളകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അത് വാഴയായാലും മറ്റ് ഏതു തരത്തിലുള്ള കൃഷികളായാലും പ്രകൃതിക്ഷോഭത്തിൽപ്പെട്ട് നശിച്ചുകഴിഞ്ഞാൽ കൃഷിക്കാർക്ക് അതിനാവശ്യമായ സംരക്ഷണം ലഭിക്കാത്ത സാഹചര്യം വന്നുചേരുന്നു. സംസ്ഥാന ഗവൺമെന്റ് അതാതു കാലങ്ങളിൽ ചെറിയചെ

LIBRARY ARCHIVES Kerala Legislative Assembly

റിയ സൗകര്യങ്ങൾ നൽകുന്നുണ്ട്. പക്ഷേ ആ സഹായം പൂർണ്ണമായ അർത്ഥത്തിൽ കൃഷിക്കാർക്ക് ലഭിക്കുന്നില്ല. അവർക്ക് പൂർണ്ണമായ സംരക്ഷണം ലഭിക്കാതെവരുന്നു. അതുപോലെതന്നെ കാർഷികവിളകൾക്ക് പലതരത്തിലുള്ള രോഗങ്ങളുണ്ടാവുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിളയാണ് നാളികേരം. ആ നാളികേര കൃഷിയുടെ ഉല്പാദനവും കൃഷിചെയ്യുന്ന വിസ്തീർണവും വർദ്ധിച്ചുവരുന്നുണ്ട്. പക്ഷേ ഈ മേഖലയിലുണ്ടായ രോഗങ്ങൾ കാരണം കൂമ്പുചീയലായാലും കാറ്റുവീഴ്ചയായാലും മണ്ഡരി രോഗമായാലും ആ രോഗബാധ കാരണം തെങ്ങ് നശിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ നശിച്ച തെങ്ങിന് പൂർണ്ണമായ അർത്ഥത്തിലുള്ള സഹായങ്ങൾ ലഭിക്കുന്നില്ല. അതുപോലെതന്നെ നെൽക്കൃഷിക്ക് വിവിധ തരത്തിലുള്ള രോഗങ്ങളാണുണ്ടാകുന്നത്. കുട്ടനാടൻ മേഖലയായാലും പാലക്കാടൻ മേഖലയായാലും തൃശ്ശൂർ കോൾനിലമായാലും കേരളത്തിലെ നെൽക്കൃഷി മേഖലയെല്ലാംതന്നെ ഇപ്പോൾ പല തരത്തിലുള്ള രോഗങ്ങൾ വ്യാപകമായി ബാധിച്ചിരിക്കുകയാണ്. ഈ രോഗബാധ കണ്ട് കൃഷിക്കാർ അന്ധാളിച്ചുപോകുകയാണ്. കമുകിനെ ബാധിക്കുന്ന മഹാളി രോഗം മൂലം കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി മേഖലയിലും തങ്ങളുടെ മേഖലയിലുമൊക്കെത്തന്നെ വ്യാപകമായ രീതിയിൽ കമുക് കൃഷി നശിച്ചുപോയി. യാതൊരു സഹായവും തങ്ങൾക്ക് ലഭിക്കുന്നില്ല എന്നുള്ള ഭീതിയിൽ കൃഷിക്കാർ കരയുകയാണ്. അതുപോലെതന്നെയാണ് കശുമാവുകൃഷിയുടെ കാര്യവും. നമ്മുടെ സംസ്ഥാനത്തെ വരുമാനത്തിൽ നല്ലൊരു പങ്ക് വഹിക്കുന്നതാണ് കശുമാവ് കൃഷി. എന്നു മാത്രമല്ല, അതുമായി ബന്ധപ്പെട്ടുകൊണ്ട് കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ കശുവണ്ടി തൊഴിലാളികൾ വളരെ ബുദ്ധിമുട്ടിലാണ്. വ്യാപകമായ രീതിയിൽ രോഗം ബാധിച്ചത് ഈ വർഷത്തെ കശുമാവു കൃഷിയിൽ നിന്നുമുള്ള കശുവണ്ടി ഉല്പാദനത്തെ വളരെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. അവ ഉണക്കം ബാധിച്ച നിലയിലാണ്. ഞങ്ങൾ ആ പ്രദേശത്തൊക്കെ പോയി സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയിട്ടുള്ളതാണ്. ആ കാര്യങ്ങൾ ചർച്ചചെയ്തിട്ടുള്ളതാണ്. ആ രൂപത്തിൽ കശുമാവ് കൃഷി നശിക്കുന്നു. വാഴയുടെ കാര്യം, പച്ചക്കറിയുടെ കാര്യം ഇങ്ങനെ വ്യാപകമായി കൃഷിനാശമുണ്ടായിക്കഴിഞ്ഞാൽ അതിന് പൂർണ്ണമായ സംരക്ഷണം കൃഷിക്കാർക്ക് നൽകേണ്ടതാണ്. അതിനുവേണ്ടി ഇന്ത്യയിലെ കർഷക പ്രസ്ഥാനങ്ങൾ, കേരളത്തിലെ കർഷക സംഘടനകൾ കാലാകാലമായി ഉന്നയിക്കുന്ന ഒരാവശ്യമാണ് സമഗ്രമായ വിള ഇൻഷ്വറൻസ് പദ്ധതി.

അത് ഗവൺമെന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം പോരാ, നിയമ പ്രാബല്യത്തോടുകൂടി സമഗ്രമായ ഒരു വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കേണ്ടതായിട്ടുണ്ട്. ഇതേക്കുറിച്ച് സംസാരിക്കുന്ന ഘട്ടത്തിൽ ഇതിന് പണമെവിടെ എന്ന ചോദ്യമുണ്ടാകും, പണം കണ്ടെത്തണം. സംസ്ഥാന ജനാവിലുണ്ടാകുന്ന നമ്മുടെ മൊത്തം വരുമാനത്തിന്റെ 30% പങ്കുവഹിക്കുന്നത് കാർഷികമേഖലയാണ്. നമ്മൾ പണം കണ്ടുപിടിക്കാൻ ശ്രമിച്ചപ്പോൾ പല മേഖലയിലും കണ്ടുപിടിച്ചിട്ടുണ്ട്. ഞാൻ അതിന് എതിരായി പറയുകയല്ല, സർവ്വീസ് സെക്ടറിന്റെ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവർക്ക് 1,200 കോടി രൂപയോളം കണ്ടുപിടിക്കാൻ പ്രയാസമുണ്ടായില്ല. അത് എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്, നല്ല കാര്യമാണ്. പക്ഷേ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ വരുമ്പോഴും അവരെ സപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി, അവരെ നിലനിർത്തുന്നതിനുവേണ്ടി, അവരെ സഹായിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുവേണ്ടി, പണം കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ഇപ്പോൾ പല സ്കീമുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. നെല്ലിന് ഇൻഷ്വറൻസ് സ്കീമുണ്ട്. ആ ഇൻഷ്വറൻസ് സ്കീമിന്റെ പ്രയോജനം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. കാരണം ഒരു ബ്ലോക്കാണ് ഏരിയ. ആ ബ്ലോക്കിന്റെ അതിർത്തിയിലുള്ള 50%-ലധികം നെല്ല് ലഭിച്ചാൽ മാത്രമേ ഇൻഷ്വറൻസ് കവറേജ് കിട്ടുന്നുള്ളൂ. അതുകൊണ്ട് കൃഷിക്കാർക്ക് എവിടെയുണ്ടാകാനാണ്? അതും ലോൺ എടുക്കുന്നവർക്കുമാത്രമാണ്. അതുപോലെ റബ്ബറിന് ഓരോ തടിക്കും 10 രൂപ വീതംവച്ച് അടയ്ക്കണം. വാഴയ്ക്ക് ഇപ്പോഴുള്ള ഇൻഷ്വറൻസ് പ്രിമീയംതന്നെ വളരെ കൂടുതലാണ്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിലിടപെട്ട് സംസ്ഥാനത്തെ മുഴുവൻ കൃഷിക്കാർക്കും വ്യക്തിപരമായി അവർ കൃഷി ചെയ്യുന്ന വിളകൾക്കുൾപ്പെടെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കത്തക്കവിധം ഇൻഷ്വർ ചെയ്യുന്നതിനുവേണ്ടി സമഗ്രമായ ഒരു വിള ഇൻഷ്വറൻസ് പദ്ധതി നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ കർഷക സംഘടനകൾ, ഇന്ത്യയിലെ കർഷക സംഘടനകൾ കാലാകാലങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു മുദ്രാവാക്യമെന്നുള്ള നിലയിൽ വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് ഈ ആവശ്യത്തെ കാണുകയും പരിഗണിക്കുകയും ചെയ്യുന്നതിന് തയ്യാറാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സത്യൻ മൊകേരി കേരളത്തിലെ വിവിധ വിളകളുമായി ബന്ധപ്പെട്ട കർഷകരുടെ പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്ത് 29-3-1995-ലെ ഒരു സർക്കാരുത്തരവനുസരിച്ച് തെങ്ങ്, കമുക്, റബർ, കശുമാവ്, വാഴ മരിച്ചീനി, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കോഫി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പ്, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് തുടങ്ങി ഇരുപത്തിയഞ്ചിനം കൃഷികൾക്ക് വിള ഇൻഷ്വറൻസ് പദ്ധതി നിലനിൽക്കുന്നുണ്ട്. അതനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഏകദേശം 1,19,713 കർഷകർ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാണ്. നഷ്ടപരിഹാരമായിട്ട് ഏകദേശം 762.29 ലക്ഷം രൂപ ഈ പദ്ധതിയിലംഗങ്ങളായിട്ടുള്ള കർഷകർക്കുണ്ടായ നാശത്തിന്റെ ഫലമായി ഇതുവരെ കൊടുത്തിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് എല്ലാ മേഖലകളേയും ബന്ധപ്പെടുത്തിക്കൊണ്ട് ഒരു ഇൻഷ്വറൻസ് പദ്ധതി നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു. കഴിഞ്ഞ ദിവസം കേന്ദ്ര ഗവൺമെന്റ് ഒരു പദ്ധതിയെക്കുറിച്ച് പ്രഖ്യാപനം നടത്തിയതായി കഴിഞ്ഞദിവസത്തിലെ പത്രത്തിലൂടെ അറിയാൻ കഴിഞ്ഞു. അതിനകത്ത് ഏതെല്ലാം കൃഷിയാണ് ഉൾപ്പെടുന്നത്, ഏതുവിഭാഗം കൃഷിക്കാരെയാണ് ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ ഗവൺമെന്റിന് അറിയേണ്ടതായിട്ടുണ്ട്. അതറിഞ്ഞിട്ട് കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയുമായിട്ട് ബന്ധപ്പെടാൻ സംസ്ഥാന ഗവൺമെന്റിന് താല്പര്യമുണ്ട്.

ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് കർഷകർക്ക് നഷ്ടപരിഹാരം കിട്ടുന്നതിന് ചില പ്രശ്നങ്ങളുണ്ടായിരുന്നു. ആ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് വന്നതിനു ശേഷം സ്വീകരിച്ചിട്ടുണ്ട്. അതിന് അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ, ജോയിന്റ് ഡയറക്ടർ തലത്തിൽ, ഡയറക്ടർ തലത്തിൽ ഉള്ള തീരുമാനമെടുക്കുന്നതിനുള്ള അധികാരങ്ങൾ താഴേത്തട്ടിലേക്ക് കൈമാറിക്കൊണ്ടുള്ള നടപടികളാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

എനിക്ക് ഒരഭ്യർത്ഥന കർഷക സംഘടനാ നേതാക്കളോടുണ്ട്; ഇപ്പോൾ നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ അംഗങ്ങളാക്കി അതിനകത്ത് കൃത്യമായി പ്രീമിയം അടച്ച് അവർക്ക് പ്രകൃതി ക്ഷോഭംകൊണ്ടോ അല്ലെങ്കിൽ കീടങ്ങൾകൊണ്ടോ നാശനഷ്ടങ്ങളുണ്ടാകുമ്പോൾ അതിനർഹമായ നഷ്ടപരിഹാരം ലഭിക്കത്തക്ക രീതിയിലൊരു സംവിധാനം, നിലവിലുള്ള ഈ പദ്ധതി, പ്രായോഗികമാക്കാൻവേണ്ടിയുള്ള ഒരു നിർദ്ദേശം കേരളത്തിലെ എല്ലാ കർഷകസംഘടനകളും കൃഷിക്കാർക്ക് പറഞ്ഞുകൊടുക്കണം. അംഗം സൂചിപ്പിച്ചതുപോലെ റബ്ബറിന് പത്തുരൂപ ഇല്ല, രണ്ട് രൂപയേയുള്ളൂ. 500 രൂപ നഷ്ടപരിഹാരമായി കിട്ടും. മൂന്ന് വർഷത്തേയ്ക്ക് ഒരു റബ്ബർമരം (ടാപ്പ് ചെയ്യുന്ന, കറയെടുക്കുന്ന, റബ്ബർ മരം) ഈ പദ്ധതിയുടെ കീഴിൽ എടുക്കുകയാണെങ്കിൽ അതിന് അഞ്ചു രൂപ അടച്ചാൽമതി. കായ്ഫലമുള്ള ഒരു തെങ്ങിന് രണ്ടു രൂപയാണ്. അങ്ങനെ ആ തെങ്ങ് നശിച്ചാൽ ആയിരം രൂപ കൃഷിക്കാരന് പ്രതിഫലം കിട്ടും. അപ്പോൾ നിലവിലുള്ള പദ്ധതിയുടെ ആനുകൂല്യങ്ങൾ അതിനകത്ത് എത്രമാത്രം പരിമിതികളുണ്ടെങ്കിലും ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കൃഷിക്കാർക്ക് സംരക്ഷണം നൽകത്തക്ക രീതിയിൽ നടപടി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതിന്റെ ഗുണഫലങ്ങൾ കർഷകർക്ക് കിട്ടത്തക്കവിധത്തിൽ അംഗങ്ങളെക്കൊണ്ട് കൃത്യമായി പ്രീമിയം അടപ്പിക്കാൻ സംഘടനകൾ മുൻകൈയെടുക്കണം.

അതിനുപുറമേ, നിലവിലുള്ള പദ്ധതി കുറ്റമറ്റരീതിയിൽ പ്രാവർത്തികമാക്കാൻ ഗവൺമെന്റ് അതിനുള്ള സംവിധാനങ്ങളൊരുക്കുന്നതോടൊപ്പംതന്നെ കേന്ദ്രാവിഷ്കൃത പദ്ധതി എന്താണെന്നുള്ളതിനെ സംബന്ധിച്ച് കൂടുതൽ പഠിച്ച് ആ പദ്ധതിയിൽ ഈ കേരളത്തിലെ വിവിധ വിളകളെ ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ടെങ്കിൽ അത് ഉൾപ്പെടുത്തുന്നതിനും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര പദ്ധതിക്ക് എന്തെങ്കിലും വിഹിതം കൊടുക്കേണ്ടിവരുകയാണെങ്കിൽ ആ വിഹിതമടയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയുടെ പരിധിയിൽ കേരളത്തിലെ പല കൃഷിക്കാരേയും ഉൾപ്പെടുത്തിയില്ലെങ്കിൽ അവരെയെല്ലാം ഉൾപ്പെടുത്തിക്കാൻ ഒരു നിയമനിർമ്മാണത്തിന്റെയടിസ്ഥാനത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കിക്കഴിഞ്ഞാൽ ഈ സഭയിൽത്തന്നെ കൊണ്ടുവരാനും ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ അത് സമ്പുഷ്ടമാക്കി നടപ്പിലാക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇതാണ് ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന് പറയാനുള്ളത്.

ശ്രീ. സത്യൻ മൊകേരി : ബഹു. മന്ത്രി നിയമനിർമ്മാണത്തിന്റെയടിസ്ഥാനത്തിലുള്ള ഒരു വിള ഇൻഷ്വറൻസ് പദ്ധതി കർഷകർക്ക് സഹായകരമായ രീതിയിൽ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കാം



LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള രീതിയിൽ പറയുകയുണ്ടായി. അതിനെക്കുറിച്ച് പരിശോധിച്ച് അനുകൂലമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തുവരുകയാണെന്നാണ് വ്യക്തമാക്കിയത്. വിള ഇൻഷ്വറൻസ് പദ്ധതിയുൾപ്പെടെ കേരളത്തിലെ കൃഷിമേഖലയിലെ പ്രശ്നങ്ങൾ കർഷകസംഘടനകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന വിഷയം സംബന്ധമായി ഗവൺമെന്റ് ഈ സംഘടനകളുമായി വൈകാതെതന്നെ ചർച്ചചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, തീർച്ചയായിട്ടും ആദ്യമേർപ്പെടുത്തിയ 25 വിളകൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി കുറ്റമറ്റ രീതിയിൽ ആദ്യം നടപ്പാക്കുന്നതിന് കൃഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള നടപടിക്കുവേണ്ടി കർഷക സംഘടനയുമായി ചർച്ചചെയ്യാൻ ഗവൺമെന്റിന് താല്പര്യമുണ്ട്. ഗവൺമെന്റിന്റെ ചർച്ചയിലിരിക്കുന്ന പദ്ധതിയുടെ എല്ലാ വശങ്ങളും യോഗത്തിൽ കർഷക സംഘടനയുമായി ചർച്ചചെയ്യാൻ ഗവൺമെന്റിന് താല്പര്യമുണ്ട്.

## IV. സബ്മിഷൻ

### (1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങൾ സംബന്ധിച്ച ഉത്തരവ് കർശനമായി നടപ്പാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഞാൻ അവതരിപ്പിക്കുന്ന വിഷയം പൊതുവിൽ പ്രാധാന്യമുള്ള ഒരു വിഷയമാണ്. അധികാരവികേന്ദ്രീകരണ കമ്മിറ്റികളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് 1998 ഫെബ്രുവരിയിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയ അധികാരങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളോ മറ്റ് പേപ്പറുകളോ മന്ത്രിമാരുടെ ഓഫീസിലോ വകുപ്പ് സെക്രട്ടറിമാരുടെ ഓഫീസിലോ വകുപ്പ് മേധാവികളുടെ ഓഫീസിലോ ലഭിച്ചാൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ചാണ് ആ ഉത്തരവ്. ആ ഉത്തരവിൽ പ്രധാനപ്പെട്ട രണ്ടു ഭാഗങ്ങളിൽ ആദ്യത്തെ ഭാഗം, നിലവിലുള്ള പേപ്പറുമായി ബന്ധപ്പെട്ടാണ്. രണ്ടാമത്തെ ഭാഗം അങ്ങനെ പുതുതായി ഒരു പേപ്പർ കിട്ടിയാൽ അത് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതിനെക്കുറിച്ചാണ്. ഗവൺമെന്റ് ഓർഡറിൽ വളരെ ക്ലിയറായി പറഞ്ഞിരിക്കുന്നത്: 'Papers and petitions which are to be dealt with in the Local Bodies, but are received in the office of the Ministers or Administrative Department in the Secretariat or in office of the Heads of Departments will be marked to the concerned Local Bodies without being acted upon in the Secretariat or in the office of the Heads of Departments. All Administrative Departments in the Secretariat and Heads of Departments will identify such papers and issue instructions accordingly.' ഇങ്ങനെ വളരെ വ്യക്തമായി ആ ഓർഡറിനകത്ത് പറഞ്ഞിട്ടുണ്ട്. ആ ഉത്തരവ് നമ്മുടെ സെക്രട്ടേറിയറ്റിലും ഡിപ്പാർട്ടുമെന്റ് ഹെഡ് ഓഫീസുകളിലും പാലിക്കപ്പെടുന്നില്ല. മന്ത്രിമാരുടെ ഓഫീസിലായാലും സെക്രട്ടേറിയറ്റിലായാലും വകുപ്പ് മേധാവികളുടെ ഓഫീസിലായാലും അങ്ങനെ അപേക്ഷ കിട്ടിയാൽ, വളരെ ക്ലിയറായിട്ട് ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നതുപോലെ 'without being

LIBRARY ARCHIVES Kerala Legislative Assembly